# 144000 പേരെ മുദ്രയിടുന്നു

വെളി. 7:1-8 “അതിന്റെ ശേഷം ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റ് ഊതാതിരിക്കേണ്ടതിന് നാലു ദൂതന്മാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊണ്ടു ഭൂമിയുടെ നാലു കോണിലും നിൽക്കുന്നത് ഞാൻ കണ്ടു. മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കുനിന്ന് കയറുന്നതും കണ്ടു. അവൻ ഭൂമിക്കും സമുദ്രത്തിനും കേടുവരുത്തുവാൻ അധികാരം ലഭിച്ച നാലു ദൂതന്മാരോടു: നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. മുദ്രയേറ്റവരുടെ എണ്ണവും ഞാൻ കേട്ടു. യിസ്രായേൽ മക്കളുടെ സകല ഗോത്രത്തിലും നിന്നു മുദ്രയേറ്റവർ നൂറ്റി നാല്പത്തിനാലായിരം പേർ.

യഹൂദാ ഗോത്രത്തിൽ മുദ്രയേറ്റവർ പന്തീരായിരം
രൂബേൽ ഗോത്രത്തിൽ പന്തീരായിരം.
ഗാദ് ഗോത്രത്തിൽ പന്തീരായിരം.
ആശേർ ഗോത്രത്തിൽ പന്തീരായിരം.
നപ്താലി ഗോത്രത്തിൽ പന്തീരായിരം.
മനശ്ശെ ഗോത്രത്തിൽ പന്തീരായിരം.
ശീമെയോൻ ഗോത്രത്തിൽ പന്തീരായിരം.
ലേവി ഗോത്രത്തിൽ പന്തീരായിരം.
യിസ്സാഖാർ ഗോത്രത്തിൽ പന്തീരായിരം.
സെബൂലോൻ ഗോത്രത്തിൽ പന്തീരായിരം.
യോസേഫ് ഗോത്രത്തിൽ പന്തീരായിരം.
ബെന്യാമീൻ ഗോത്രത്തിൽ മുദ്രയേറ്റവർ പന്തീരായിരം പേർ.

ആറും ഏഴും മുദ്രകൾക്കിടയിൽ ഒരു ഇടവേള കാണുന്നു. ആറാം മുദ്രയുടെ ദർശനത്തിനുശേഷം ആറും ഏഴും മുദ്രകൾക്കിടയിൽ ഒരു ഇടവേള ആയിട്ടാണ് ഏഴാം അദ്ധ്യായം നിൽക്കുന്നത്. ആറാം മുദ്രയിലെ സംഭവങ്ങൾക്കു ശേഷം നടക്കുന്ന ഒന്നായിട്ടല്ല, ഓരോ സംഭവങ്ങളും ഓരോ ഭാഗങ്ങളായി കർത്താവു യോഹന്നാന് പ്രദർശിപ്പിച്ചു കാണിക്കുകയാണ്. ഒരു സംഭവം പ്രദർശിപ്പിച്ചു

കഴിഞ്ഞാൽ ചിലപ്പോൾ അതിന്റെ തുടർച്ചയായിട്ടായിരിക്കുകയില്ല അടുത്ത ഭാഗം കാണിക്കുന്നത്. 'അതിനുശേഷം, പിന്നെ' എന്നീ പദപ്രയോഗങ്ങൾ മുൻപു കാണിച്ച ദർശനത്തിനുശേഷം എന്നാണ് അതിന്റെ അർഥം.

നാലു ദൂതന്മാരെക്കുറിച്ചും നാല് കാറ്റിനെക്കുറിച്ചും ഒന്നാം വാക്യത്തിൽ പറഞ്ഞിരിക്കുന്നു. സംഖ്യകളിൽ നാല് എന്നത് ഭൂമിയോടുള്ള ബന്ധത്തിൽ കാണപ്പെടുന്ന സംഖ്യയാണ്. കാറ്റിനെ തടയുവാൻ അധികാരമുള്ളവരാണ് നാല് ദൂതന്മാർ. തീയുടെ മേൽ അധികാരമുള്ള ദൂതനെ 14:18-ലും സമുദ്രത്തിന്മേൽ അധികാരമുള്ള ദൂതനെ 16:5-ലും കാണുന്നു. ഇവിടെ പറയുന്ന ദൂതന്മാർ കാറ്റിന്മേൽ അധികാരമുള്ളവരാണ്. ഭൂമിയുടെ നാലു ദിക്കിൽനിന്നുള്ള നാലു കാറ്റുകൾ തടഞ്ഞു ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടുവരുത്തുവാൻ നിയമിക്കപ്പെട്ടവരാണ് അവർ. കാറ്റ് അടിക്കുന്നത് രാഷ്ട്രീയ മണ്ഡലത്തിൽ ഉണ്ടാകുന്ന ചലനങ്ങളെയാണ് ഉദ്ദേശിക്കുന്നത്. ദാനിയേൽ 7-ാം അദ്ധ്യായത്തിൽ കാണുന്ന ദർശനത്തിൽ ആകാശത്തിലെ നാലു കാറ്റും മഹാസമുദ്രത്തിനു നേരെ അടിക്കുന്നതായി കാണപ്പെട്ടു. തിരുവെഴുത്തിലെ പ്രവചനങ്ങളിൽ മഹാസമുദ്രം എന്ന് പ്രസ്താവിച്ചിരിക്കുന്നതിന്റെ അർഥം ലോകത്തിലെ ജനവർഗങ്ങളാകുന്ന കടൽ എന്നത്രെ. ജനവർഗങ്ങളെക്കുറിച്ചും സത്യഗ്രന്ഥത്തിന്റെ കടൽ അഥവാ പെരുവെള്ളം എന്ന് പ്രയോഗിച്ചിട്ടുണ്ട്. യശ. 17:12-13; 57:20; വെളി. 17:5.

കാറ്റ് എന്നതിനെ പ്രാവചനീകമായി ചിന്തിക്കുമ്പോൾ ജനസമുദ്രമായ കടലിൽ കലാപങ്ങൾ, യുദ്ധങ്ങൾ, വിപ്ലവങ്ങൾ ആദിയായവ ഉണ്ടാകുന്നതാണ് അർഥമാക്കുന്നത്. യിരെ. 25:22,23. ആകയാൽ മഹാസമുദ്രത്തിന്റെ നേരെ കൊടുങ്കാറ്റ് അടിച്ചതായി ദാനിയേൽ കണ്ടതിന്റെ താൽപ്പര്യം ഭൂലോകത്തിലെ ജനവർഗങ്ങളുടെ ഇടയിൽ വിപ്ലവങ്ങളും, യുദ്ധങ്ങളും ഉണ്ടായി എന്നത്രെ. തൽഫലമായി ഒന്നിനു പുറകെ ഒന്നായി നാലു സാമ്രാജ്യങ്ങൾ കയറി വരുന്നതായി കാണുവാൻ കഴിയുന്നു. കാറ്റ് അടിക്കുന്നത് രാഷ്ട്രീയ മണ്ഡലത്തിൽ ഉണ്ടാകുന്ന പരിവർത്തനത്തെ ഉദ്ദേശിക്കുന്നു. പീഢാകാലത്തിന്റെ ഈ പ്രത്യേക ഘട്ടത്തിൽ സംഭവിപ്പാനിരിക്കുന്ന ഒരു കഷ്ടത്തെ ആണ് "കാറ്റ് തടയുന്നതിലുള്ള" കഷ്ടം അർഥമാക്കുന്നത്.

തിരുവെഴുത്തിൽ പലതരം കാറ്റുകൾ സന്ദർഭോചിതമായി ഉപയോഗിച്ചിട്ടുണ്ട്. വടതിക്കാറ്റ്, ഈശാനമൂലൻ കാറ്റ്, തെക്കൻകാറ്റ് എന്നിങ്ങനെയുള്ള കാറ്റുകളാണിവ. എന്നാൽ ഇവിടെ കാണുന്നത് ഭൂമിമേലും, കടലിന്മേലും, വൃക്ഷത്തിന്മേലും ഉപദ്രവം തട്ടാതെ കാറ്റിനെ തടഞ്ഞ് അതിനെ കൈകളിൽ വഹിക്കാൻ കഴിവുള്ള

ദൂതന്മാരെയും കൈകളിൽ വഹിക്കപ്പെടുന്ന കാറ്റിനെയും ആണ് കാണുന്നത്. അതിനാൽ ഭൂമിയിലും കടലിലും ഉപദ്രവം സംഭവിക്കാതിരിക്കാൻ ദൈവം തന്റെ ദൂതന്മാരെ അയച്ചു ആ ഉപദ്രവമാകുന്ന കാറ്റിനെ കയ്യിൽ വഹിച്ചിരിക്കുന്നതാണെന്ന് വ്യക്തമാക്കുന്നു. ഭൂമിയിലുള്ള ജനസമുദായക്കടലിന്മേൽ മഹാമാരി, ക്ഷാമം, ഉപദ്രവം, യുദ്ധങ്ങൾ ഇവകളെ അയച്ച് ന്യായവിധി നടത്താനായി ഒരുങ്ങി നിൽക്കയും എന്നാൽ ആ ചുരുക്കം സമയത്തേക്ക് അത് അയക്കാതിരിപ്പാനായി ദൂതന്മാർ അതിനെ കയ്യിൽ വഹിച്ചിരിക്കയുമാണ്.

"തലയുടെ അരികുവടിച്ചവരെ ഞാൻ എല്ലാ കാറ്റുകളിലേക്കും ചിന്നിച്ചുകളയും, നാലു പുറത്തുനിന്നും അവർക്ക് ആപത്തുവരും" യിര. 49:32. ഇവിടെ ദുഷ്ടന്മാരെ ശിക്ഷിക്കാനായി ഈ നാലുകാറ്റുകളെ ദൈവം ഉപയോഗിക്കുന്നു. ആകാശത്തിലെ നാലു കാറ്റായ നെബുഖദനേശറിന്റെ സൈന്യം ജനസമുദായക്കടലിന്മേൽ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതായി കാണാം. ദാനി. 7:2, യെഹെസ്കേൽ. 37:9,10. ഈ വാക്യങ്ങളിൽ മരിച്ചവരെ ജീവിപ്പിക്കാൻ വേണ്ടി ഈ നാലു കാറ്റിനെ ദൈവം ഉപയോഗിക്കുന്നതായി കാണാം. പ്രകൃതി ശക്തികളെല്ലാം ദൈവത്തിന്റെ കല്പന അനുസരിക്കുന്നു. കാറ്റ് ദൈവത്തിന്റെ വരുതി അനുസരിച്ച് വീശുന്നു. നഹൂം. 1:3,4; സെഖ.6:1–5; 9:14; യശ. 66:15; ഇയ്യോ.37:9,10; 1 രാജാ.19:11; യശ.40:7, 24;സങ്കീ. 18:15; ആമോ.1:14; യിരെ.23:19, 49:36; ഹോശെ.13:15; യോനാ. 4:8.

ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റ് ഊതാതിരിക്കേണ്ടതിന് എന്ന് പറഞ്ഞാൽ കാറ്റിനെ യുദ്ധമായും കലാപമായും ചിത്രീകരിക്കാം. ദാനി.8:10. ഇങ്ങനെ യുദ്ധങ്ങളും ക്ഷാമവും മരണവും നടന്നുകൊണ്ടിരിക്കുമ്പോൾ (6:4,5,8) നാലു ദൂതന്മാർ നാലുകോണിലും നിൽക്കുന്നു. തൽക്കാലത്തേക്ക് ഭൂമിയിലുള്ള സംഭവങ്ങളെ പിടിച്ചു നിർത്തുന്നു. നാലു കാറ്റുകൾ ഭൂമിയുടെ നാലു ദിക്കിൽനിന്നുമാണ് വരുന്നത്. ഭൂമിക്ക് ഗോളാകൃതിയാണുള്ളത്. ഈ ദൂതന്മാർ ഭൂമിയുടെ നാലുകാറ്റും പിടിച്ചുകൊണ്ട് ഭൂമിയുടെ നാലുകോണിലും ആണ് നിൽക്കുന്നത്. ഇവിടെ ഭൂമിക്ക് കോണുകൾ ഉണ്ടോ എന്ന് സന്ദേഹിച്ചേക്കാം. ദൈവം മാനവജാതിയോടു ഇടപെടുന്ന നിലയിൽ ഭൂമി ശാസ്ത്രപരമായ കേന്ദ്രം ഫലസ്തീനും വിശേഷാൽ യരുശലേമും ആണ്. ആ നിലയിൽ ഉദ്ദേശിക്കുന്ന ഭൂപരപ്പ് ഭൂഗോളം മുഴുവനേയും ഉദ്ദേശിക്കുന്നു. അതുകൊണ്ടും ഭൂമിയുടെ നാലു പ്രധാന സ്ഥലങ്ങളിൽ ദൂതന്മാർ നിലയുറപ്പിച്ചിരിക്കുന്നു എന്നുവേണം മനസ്സിലാക്കാൻ.

ഇവിടെ അക്ഷരീക കാറ്റിനെക്കുറിച്ചായിട്ടും നമുക്ക് ചിന്തിക്കാം. അത് ദൈവീക ന്യായവിധിയാണ്. 1.രാജ.19:11; ഇയ്യോ.1:1; 21:28; 30:15; സങ്കീ.1:4; സങ്കീ.145:18; യശ.11:15; 27:8. ഭൂമി, വൃക്ഷം എന്നിവയെ ഈ കാറ്റ് കൂടുതലായി ബാധിക്കുന്നു. ഭൂമിയുടെ മേൽ ഉണ്ടാകുവാൻ പോകുന്ന വലിയ ഒരു കഷ്ടതെത്തെ ഇത് ചൂണ്ടികാണിക്കുന്നു.

ഭൂമിയിൽ കാറ്റുകൂടാതെയുള്ള മനുഷ്യജീവിതം എത്ര ദുരിതപൂർണ്ണ മായിരിക്കാം. വായുവിന്റെ ചലനം നിലച്ചാൽ ഉണ്ടാകാവുന്ന പ്രയാസം ഊഹാതീ തമാണ്. ഭൂമിക്കും സമുദ്രത്തിനും കേടുവരുത്തുവാൻ അധികാരംലഭിച്ച നാലു ദൂതന്മാരോട് എന്ന് ഇവരെക്കുറിച്ച് വായിക്കുന്നു. ഒരു പ്രത്യേക ദൗത്യം നിവൃത്തി ക്കപ്പെടേണ്ടതിനുവേണ്ടിയാണ് ഇവർ കാറ്റുകളെ തടഞ്ഞു നിർത്തിയിരിക്കുന്നത്. അതാണ് 7-ന്റെ 3-ൽ നാം കാണുന്നത്. “മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കുന്നിന്ന് കയറുന്നതും ഞാൻ കണ്ടു. അവൻ ഭൂമിക്കും സമുദ്രത്തിനും കേടുവരുത്തുവാൻ അധികാരം ലഭിച്ച നാലു ദൂതന്മാരോടു: ‘നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടു വരുത്തരുത്’ എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു.” ഇതിൽ നിന്നും മുദ്രയിടേണ്ട താമസമേയുള്ളൂ അവർ നാശം വിതയ്ക്കുവാൻ എന്ന് വ്യക്തമാണ്. മുദ്രയിടീൽ കഴിയുമ്പോൾ അനർഥങ്ങൾ ഭൂമിക്ക് വരും എന്നുള്ളത് ഉറപ്പാണ്.

ആകാശത്തിന്റെ അധികാരി എന്ന നിലയിൽ സാത്താനും കാറ്റ് അടിപ്പിക്കുവാൻ കഴിയും. ഇയ്യോ.1:10,12,19. എന്നാൽ യിസ്രയേൽ ഗോത്രങ്ങളിൽ നിന്നും നൂറ്റിനാല്പത്തിനാലായിരം പേരെ മുദ്രയിടേണ്ടതിന് ഒരു നിശ്ചിത സമയ ത്തേക്ക് സാത്താൻ നാശത്തിന്റെ കാറ്റ് അടിപ്പിക്കാതിരിക്കേണ്ടതിനായി നാലു ദൂതന്മാർ ഭൂമിയുടെ നാലു ഭാഗത്തായി സകലവിധ സജ്ജീകരണങ്ങളോടുംകൂടി നിലയുറപ്പിച്ചിരിക്കയാണ്. ഇവരെ മുദ്രയിടുമ്പോൾ അതിനെതിരായി അന്തിക്രിസ്തുവിനെ സഹായിക്കുന്ന ദുഷ്ടാത്മസേനകളെ തടയുവാൻ കൂടിയാണ് ദൂതന്മാർ നാലുകോണിലും നിലയുറപ്പിച്ചിരിക്കുന്നത്. ദൈവദാസന്മാരെ മുദ്രയിട്ടതിനുശേഷമേ കാറ്റുകളെ അഴിച്ചുവിടത്തൊള്ളൂ.

മുദ്രയിടുക എന്നുള്ളത് ഉടമസ്ഥാവകാശത്തെയും സംരക്ഷണത്തെയും മുദ്രയിടപ്പെട്ട വസ്തുവിന്മേലും അധികാരത്തെയും കാണിക്കുന്നു. പെട്ടെന്ന് മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കുനിന്ന് കയറുന്നത് കാണുന്നു.

“ജീവനുള്ള ദൈവം” എന്നത് യഹൂദന്റെ പ്രത്യേക അവകാശവാദമാണ്.

1. യശ.44:9-17 -ജാതികളുടെ ജീവനില്ലാത്ത ദൈവവുമായി ജീവനുള്ള ദൈവത്തിന്റെ അന്തരംഗത്തെ വിവരിക്കുന്നു. സങ്കീ.115:3-8.
2. യോശുവാ.3:10 -ൽ ജീവനുള്ള ദൈവം ശത്രുക്കളുടെ മേൽ ജയം നൽകും എന്ന് ഉറപ്പ് നൽകുന്നു.
3. സങ്കീ.42:2 -ൽ ജീവനുള്ള ദൈവത്തിൽ മാത്രമേ നമുക്ക് ആശ്വാസം നേടാൻ കഴിയൂ എന്ന് കാണാം.
4. ഹോശ.1:10 -ൽ നാം ജീവനുള്ള ദൈവത്തിന്റെ വകയാണ്.
5. സങ്കീ.48:14-ൽ ഈ ദൈവം എന്നും എന്നേക്കും നമ്മുടെ ദൈവം ആണ്.

ജീവനുള്ള ദൈവത്തിന്റെ മുദ്ര ഇടുന്നത് ഇവർ ദൈവസമന്മാരാകയാലാണ്. മുദ്രയിട്ട് ഇവരെ ദൈവദാസന്മാരാക്കുകയല്ല. ഇവർ വീണ്ടെടുക്കപ്പെട്ടവരാണ്. (വെളി.14:3,4). മഹോപദ്രവ കാലത്തെ സംരക്ഷണത്തിനും കൂടെയാണ് മുദ്ര.(വെളി.9:4.). കയീനുലഭിച്ചതുപോലെ സംരക്ഷണത്തി നായുള്ള ഒരു അടയാളം ആണ്. (ഉല്പ.4:15). ഇത് സഭയുടെ മുദ്രയല്ല. അത് ചെയ്യുന്നത് ദൈവമാണ്. 2 കൊരി.1:22, എഫേ.1:14. ഇവിടെ ദൂതൻ ആണ് മുദ്രയിടുന്നത്.

ഇവരുടെ നെറ്റിയിൽ ആണ് ദൂതൻ മുദ്രയിട്ടിരിക്കുന്നത്. നെറ്റിയിലെ ആ മുദ്ര ക്രിസ്തുവിന്റെ നാമവും പിതാവിന്റെ നാമവും ആണെന്ന് വെളി. 14:1-ൽ കാണുന്നു. നെറ്റിയിൽ മുദ്രയിട്ടിരിക്കുന്ന ഇവർ പുതിയ നിയമകാലത്തെ വിശുദ്ധന്മാരല്ല. കാരണം പുതിയ നിയമകാലത്തെ വിശുദ്ധന്മാർക്കുള്ള മുദ്ര നെറ്റിമേലല്ല, പ്രത്യുത ആത്മാവിനാൽ ഹൃദയത്തിലത്രെ. 2 കൊരി. 1:22; എഫേ.1:14.

യഹെസ്ക്കേൽ പ്രവചനം 9-ാം അദ്ധ്യായത്തിൽ യരുശലേമിൽ ദൈവം ശിക്ഷ നടത്തുന്നതിനെക്കുറിച്ച് കാണുന്നു. ദൈവാലയത്തിൽ നടക്കുന്ന മ്ലേച്ഛതകൾ നിമിത്തം നെടുവീർപ്പിട്ടുകരയുന്ന പുരുഷന്മാരുടെ നെറ്റിയിൽ ഒരു അടയാളം ഇല്ലാത്തവരെയെല്ലാം കൊന്നുകളവാനും വൈദം ആജ്ഞാപിക്കുന്നു. യഹെസ്കേൽ പ്രവാചകൻ മാത്രം മുദ്രയേറ്റു. ബാക്കി എല്ലാവരും നാശത്തിൻ കീഴിൽ ആയിരുന്നു. യെഹെ. 9:8. ഇതിൽ നിന്നും മുദ്രയിടുന്നത് എന്തിനുവേണ്ടിയാണെന്ന് വ്യക്തമായി മനസ്സിലാക്കാം. ഒരു ദൂതൻ മാത്രം കിഴക്കുന്നിന്ന് കയറുന്നതായാണ് ഇവിടെ യോഹന്നാൻ കാണുന്നത്.

എന്നാൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം എന്നാണ് ദൂതൻ പറയുന്നത്. ആകയാൽ മുദ്രയിടുവാൻ ഒന്നിലധികം ദൂതന്മാരുണ്ടെന്ന് വ്യക്തമാകുന്നു. അതു കൊണ്ടു വളരെ വേഗത്തിൽ ആ പ്രവൃത്തി നടക്കും. ദൈവത്തിന്റെ മുദ്രയേറ്റവർ ആരും അന്തിക്രിസ്തുവിനെയോ അവന്റെ പ്രതിമയേയോ നമസ്കരിക്കുന്നില്ല. ഇവിടെ ജീവനുള്ള ദൈവത്തിന്റെ മുദ്രയേൽക്കപ്പെട്ടവർ ആകെ നൂറ്റി നാല്പത്തി നാലായിരം പേരാണ്.

യിസ്രായേൽ 12 ഗോത്രങ്ങളിൽനിന്നും പന്തീരായിരം പേർ വീതം മുദ്രയിടപ്പെട്ടു. ദാൻ ഗോത്രത്തെ വിട്ടുകളകയും മനെശ്ശെ ഗോത്രത്തെ വിട്ടുകളകയും ചെയ്തിരിക്കുന്നു. യിസ്രായേൽ ഗോത്രങ്ങളുടെ ലിസ്റ്റ് പഴയനിയമ ത്തിൽ പലയിടത്തും കാണുന്നു. ഉല്പ. 35:23-26; 46:8-27; പുറ.1:1-5; സംഖ്യാ. ഒന്നും രണ്ടും അദ്ധ്യായങ്ങൾ; സംഖ്യ. 13:3-15; ആവ.11:11-13; ആവ.33; യേശുവാ -13 മുതൽ 22 വരെയുള്ള അദ്ധ്യായങ്ങൾ. 1 ദിന.-2; 1.ദിന-27:16-22; യെഹ.48. ചില ഭാഗങ്ങളിൽ ചില ഗോത്രങ്ങളെ വിട്ടുകളഞ്ഞിരിക്കുന്നു. മറ്റു ചില ഇടങ്ങളിൽ യോസേഫിനുപകരമായി മനശ്ശെയുടെ പേർ ചേർത്തിട്ടുണ്ട്. ചിലതിൽ യോസേഫിനെയും മനശ്ശെയും ചേർത്തിരിക്കുന്നു. ചിലയിടത്ത് എഫ്രയിമിനെ വിട്ടു കളഞ്ഞിരിക്കുന്നു. യോസെഫിന്റെ മക്കളായ മനെശ്ശെയേയും എഫ്രയിമിനെയും തന്റെ മക്കളോടൊപ്പം എണ്ണണം എന്ന് യാക്കോബ് ആവശ്യപ്പെട്ടതിൻപ്രകാരം (ഉല്പ. 48:5) പിൽക്കാലത്ത് ചില ഭാഗങ്ങളിൽ രണ്ടുപേരെയും ഉൾപ്പെടുത്തിയിരി ക്കുന്നു. എന്നാൽ എബ്രായർ എഫ്രയിമിനെയും മനെശ്ശെയേയും ഏകഗോത്രമായി ഗണിച്ച് 12 ഗോത്രങ്ങൾ എന്നാണ് പറയുന്നത്.

ഇവിടെ ദാൻ, എഫ്രയീം എന്നിങ്ങനെ വിട്ടു കളഞ്ഞിരി ക്കുന്നു. യിസ്രായേലിന്റെ ചരിത്രത്തിൽ വിഗ്രഹാരാധനയിലേയ്ക്ക് തിരിഞ്ഞ ആദ്യ ഗോത്രങ്ങളാണ് ദാനും, എഫ്രയിമും. ദാൻ ഗോത്രം വിഗ്രഹം പ്രതിഷ്ഠിച്ചത് ന്യായാ.18:30-ൽ വായിക്കുന്നു. 1.രാജാ.12:26-33 വരെയുള്ള ഭാഗങ്ങളിൽ യെരോ ബെയാം പ്രതിഷ്ഠിച്ച വിഗ്രഹങ്ങൾ കാണുന്നു. യെരോബെയാം എഫ്രയീം ഗോത്ര ക്കാരനായിരുന്നു. 1 രാജ.11:26. അങ്ങനെയെങ്കിൽ യിസ്രായേലിൽ വിഗ്രഹാരാധന നടപ്പാക്കുന്ന പുരുഷന്റെയോ, സ്ത്രീയുടെയോ, കുടുംബത്തിന്റെയോ, ഗോത്രത്തിന്റെയോ നാമം ആകാശത്തിൻ കീഴിൽനിന്ന് മായിച്ചുകളയപ്പെടുമെന്നും യിസ്രായേൽ ഗോത്രങ്ങളിൽനിന്ന് അവർ വേർതിരിക്കപ്പെടുമെന്നും പറഞ്ഞിരിക്കുന്നു. ആവ.29:15-21. അതുകൊണ്ടാണ് വെളി.7-ൽ ദാൻ, എഫ്രയീം

എന്നീ ഗോത്രങ്ങളെ മുദ്രയിടാതിരിക്കുന്നത്. മറ്റു ഗോത്രങ്ങളും വിഗ്രഹാരാധന നടത്തിയിട്ടുണ്ടെങ്കിലും ഇവരാണ് മറ്റുള്ളവരേയും വിഗ്രഹാരാധനയിലേക്ക് തള്ളി വിടാൻ കാരണക്കാരായിത്തീർന്നത്. ഇന്ന് മിക്കയഹൂദന്മാർക്കും തങ്ങൾ ഏതു ഗോത്രക്കാരനാണെന്ന് അറിഞ്ഞുകൂടാ. മുദ്രയിടപ്പെട്ട നൂറ്റിനാൽപ്പത്തിനാലായിരം പേർ ദൈവത്തിന്റെ ദാസന്മാരാകയാൽ മഹോപദ്രവകാലത്ത് അവർ സുവിശേഷം അറിയിക്കുന്നവരായിതീരും. ദൈവത്തിന്റെ മുദ്ര അവരുടെ മേൽ ഉള്ളതിനാൽ ആർക്കും അവർക്ക് ദോഷം ചെയ്‌വാൻ കഴികയില്ല (9:4). പ്രത്യേക ഉദ്ദേശ ത്തിനായി തെരഞ്ഞെടുക്കപ്പെട്ട ഇവർ മരണം കൂടാതെ രൂപാന്തരം പ്രാപിച്ച് ഇവർ സ്വർഗത്തിൽ എത്തിച്ചേരും. 14:1-5.

കർത്താവു തന്നെ വ്യക്തമായ നിലയിൽ പറഞ്ഞിട്ടുള്ള ഭാഗങ്ങളെ വിവിധ നിലയിൽ വ്യാഖ്യാനിക്കുവാൻ പാടില്ല. തങ്ങൾ ആണ് നൂറ്റിനാല്പത്തിനാലായിരം എന്ന് അവകാശപ്പെടുന്ന ചില ക്രിസ്ത്രീയ സഭകൾ ഉണ്ട്. അങ്ങനെ പറയുന്നവ രോടു നിങ്ങൾ ഏതു ഗോത്രക്കാരനാണെന്ന് ചോദിക്കുന്നതിൽ തെറ്റില്ല. വെളി.1:19,20-ൽ ഏഴു നിലവിളക്ക് ഏഴുസഭകൾ ആകുന്നു എന്നും ഏഴു നക്ഷത്ര ങ്ങൾ ഏഴു സഭകളുടെ ദൂതന്മാർ ആകുന്നു എന്നും കർത്താവു തന്നെ വ്യക്ത മായി പറഞ്ഞിരിക്കെ അതിന് വേറൊരു വ്യാഖ്യാനം നൽകേണ്ട ആവശ്യം ഇല്ല. അതുപോലെതന്നെ വെളി.17-ാം അദ്ധ്യായത്തിലെ വിഷയത്തിൽ അതേ അദ്ധ്യായ ത്തിൽ തന്നെ കർത്താവ് വ്യാഖ്യാനം നൽകിയിട്ടുണ്ട്. അപ്രകാരം തന്നെ നൂറ്റി നാൽപ്പത്തിനാലായിരം ആരാണെന്നും അവർ എവിടെനിന്നും വന്നവരാണെന്നും വെളി. 7,14 ഈ അദ്ധ്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. യിസ്രായേൽ എന്ന പ്രയോഗവും ഗോത്രങ്ങൾ തിരിച്ചുള്ള അടിസ്ഥാന വിവരണവും കൊണ്ട് ഇത് യിസ്രായേൽ തന്നെ എന്നത് സ്പഷ്ടം. ഇവർ പുതിയ നിയമസഭയിൽ പെട്ടവരല്ല.

ഇവിടെ ഗോത്രങ്ങളുടെ ലിസ്റ്റിൽ ആദ്യം യഹൂദാഗോത്രത്തെയാണ് കാണുന്നത്. ഈ ഗോത്രത്തിൽനിന്ന് യേശു ജനിച്ചതുകൊണ്ടാണ് അപ്രകാരം ചേർത്തിരിക്കുന്നത്. പഴയനിയമത്തിൽ രൂബേൽ ആണ് ആദ്യം വരുന്നത്. ഉല്പ.35:22-26; 46:8; പുറ.1:2; സംഖ്യ.1:4; ആവ. 27:12. തിരുവെഴുത്തുകളിൽ എവിടെയും ഗോത്രങ്ങളുടെ പട്ടികയിൽ നാം പന്ത്രണ്ടു പേരുകളേ കാണുന്നുള്ളൂ. മിക്കയിടങ്ങളിലും ഉപേക്ഷിക്കപ്പെട്ട് കാണുന്നത് ലേവിയുടെ പേരാണ്. ലേവിയെ ദൈവം തനിക്ക് ശുശ്രൂഷക്കായി വേർതിരിച്ചിരിക്കുകയാണ്. ലേവിയെ മാറ്റി നിർത്തി യാലും പിന്നെയും പന്ത്രണ്ടുപേർ ശേഷിക്കും. യോസേഫിന്റെ സ്ഥാനത്ത് അപ്പോൾ

എഫ്രയീമും മനെശ്ശെയും വരും. അപ്പോൾ അവിടെയും പന്ത്രണ്ട് ആയിരിക്കും. ഈ ഏഴാം അദ്ധ്യായത്തിൽ ദാൻ ഗോത്രവും എഫ്രയിമും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. തൽസ്ഥാനത്ത് ലേവിയും യോസേഫും വന്നിരിക്കുന്നു. അപ്പോഴും 12 ഗോത്ര ങ്ങൾ തികഞ്ഞിരിക്കുന്നു. യോസേഫിന്റെ മക്കളായ മനശ്ശെ, എഫ്രയിം എന്നിവരെ യാക്കോബ് അനുഗ്രഹിക്കുമ്പോൾ ഇളയവനായ എഫ്രയീമിനെ മനശ്ശെയ്ക്ക് മുൻപി ലാക്കി. ഇവിടെ എഫ്രയിമിനെ വിട്ടു മനെശ്ശെയെ ചേർത്തിരിക്കുന്നത് ഒരു അത്ഭുതം തന്നെ. എഫ്രയീം ഗോത്രം ദൈവത്തോടു വളരെ അടുത്തു ജീവിച്ചവരാണ്. എഫ്രയീം ഗോത്രത്തിൽനിന്നാണ് യോശുവാ എഴുന്നേറ്റും പിന്നീട് ഇവർ അഹങ്കരിച്ച് ദൈവത്തിൽനിന്ന് അകന്നു. ദൈവത്തിൽനിന്ന് അന്യപ്പെട്ടു. യശ.28:1; ഹോശ.4:17-19. എന്നാൽ ദാൻ, എഫ്രയീം ഈ ഗോത്രങ്ങൾ സഹസ്രാബ്ദകാലത്ത് വിശുദ്ധനാ ടിനെ അനുഭവിക്കുന്ന പന്ത്രണ്ടു ഗോത്രങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നത് കാണാം. യെഹെ.48:1-7, 23-29. മുദ്രിതന്മാരുടെ ലിസ്റ്റിൽനിന്നും ദാൻ, എഫ്രയീം ഈ പേരുകൾ വിട്ടുകളയപ്പെട്ടതിനാൽ ഇവർ സംരക്ഷണ മുദ്രാവിഹീനരായി മഹോ പദ്രവകാലത്തിൽ കൂടി കടന്നുപോകും. അതുപോലെ സഹസ്രാബ്ദകാലത്ത് പന്ത്രണ്ടു ഗോത്രങ്ങൾ ലേവിയെ കൂടാതെ ദേശവിഭജനത്തിൽ അവകാശം പ്രാപിക്കുവാൻ ഇടയാകും. അപ്പോൾ ദേശവിഭജനത്തിൽ എഫ്രിം നീണ്ചും ചേർക്ക പ്പെട്ടു ലേവി ശുശ്രൂഷാഗണത്തിൽ വേർതിരിക്കപ്പെടും. യെഹെ. 48:1-22. എങ്കിലും അന്നത്തെ ഗോപുരങ്ങളിൽ ലേവി വരും. അപ്പോൾ എഫ്രയീം മനശ്ശെ പേര് മാറി യോസേഫ് എന്നാകും. അവിടെ പന്ത്രണ്ടു ഗോത്രം കൃത്യമായിരിക്കും. യെഹെ.48;31-36.

വെളി. 7-ൽ പറഞ്ഞിരിക്കുന്ന ഈ നൂറ്റിനാൽപ്പത്തിനാലായിരം എന്ന സംഖ്യ കൃത്യമാണ്. തിരുവചനത്തിൽ പലതിന്റെയും കൃത്യമായ സംഖ്യ പറഞ്ഞിട്ടുണ്ട്. അഹാബ് രാജാവിന്റെ കാലത്ത് ബാലിനു മുട്ടുമടക്കാത്ത ഏഴായിരം പേരെ സൂക്ഷിച്ചതുപോലെ ഭാവികാലത്തും ദൈവത്തിന്റെ രണ്ടു സാക്ഷികളുടെ പ്രവർത്തകരായി ഈ നൂറ്റിനാൽപ്പത്തിനാലായിരം പേരെ ദൈവം സൂക്ഷിക്കും. 1 രാജാ. 19:18; റോമ.11:1-6. ഈ നൂറ്റിനാല്പത്തിനാലായിരം ദൈവത്തിന്റെ വകയാണ്. വെളി.9:4; യെഹെ.9:1-6; ഏഴാം അദ്ധ്യായത്തിൽ ഇവർ മുദ്രയിടപ്പെട്ട് സംരക്ഷിക്കപ്പെടുന്നു. 14-ാം അദ്ധ്യായത്തിൽ അവർ സ്വർഗീയ സീയോനിൽ പാടുന്നു. മുദ്രയേൽക്കാത്തവർ എല്ലാം ശിക്ഷിക്കപ്പെടുകയും പീഢനയനുഭവിക്കയും ചെയ്യുന്നു.